# Malayala Manorama
# 30 August 2018
# Kochi; Flood Relief, Container Home

## കണ്ടം ചെയ്യേണ്ട പഴയ കണ്ടെയ്നറുകൾ; കൊച്ചു വീടൊരുക്കാം

കൊച്ചി • പ്രളയം ബാധിച്ച മേഖലകളിൽ പഴയ കണ്ടെയ്നറുകൾ ഉപയോഗിച്ചു ചെലവുകുറഞ്ഞ വീടുകൾ നിർമിക്കാമെന്ന ആശയവുമായി ബെറ്റർ കൊച്ചി റെസ്പോൺസ് ഗ്രൂപ്പ്.

വരാന്ത, ഒരു കിടപ്പുമുറി, കോമൺ ഏരിയ, അടുക്കള, ടോയ്‌ലറ്റ് എന്നിവയുള്ള കണ്ടെയ്നർ വീടിനു 2.2 ലക്ഷം രൂപയാണു ചെലവു കണക്കാക്കുന്നത്.

വേഗത്തിൽ ഉണ്ടാക്കാം, ഒരിടത്ത് ഉണ്ടാക്കി ആവശ്യമുള്ള സ്ഥലത്തേക്കു കൊണ്ടുപോകാം, ചെലവു കുറവ് എന്നിവയാണു വീടിന്റെ ഗുണങ്ങൾ എന്ന് ബികെആർജി പ്രസിഡന്റ് ആർക്കിടെക്ട് എസ്. ഗോപകുമാർ പറഞ്ഞു. അടിത്തറ, സെപ്റ്റിക് ടാങ്ക്, വൈദ്യുതി, കുടിവെള്ള കണക്ഷൻ എന്നിവ അതാതു സ്ഥലത്ത് എടുക്കണം. ഈ ചെലവ് ഒഴിവാക്കിയാണു തുക കണക്കാക്കിയത്.

അസോസിയേഷനുകൾ, സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവർക്കു ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഇത്തരം വീടുകൾ നിർമിക്കാനാവും.

ഇതിനുള്ള സാങ്കേതിക സഹായം കൊച്ചിയിൽ നൽകാൻ ബികെആർജി തയാറാണെന്നു ഗോപകുമാർ അറിയിച്ചു. വാട്സ് ആപ് നമ്പർ: 9495971045.



കണ്ടെയ്നർ വീട്.